**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1822 — 04.10.2011 - ലെ മറുപടിക്ക്

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ഗ്രാമ പഞ്ചായത്തുകൾ തനതുവരുമാന സമാഹരണത്തിനായുള്ള നികുതി പിരിവിൽ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊല്ലം ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ 100% നികുതി പിരിവ് കൈവരിച്ച പഞ്ചായത്തുകളുടെ പേരുവിവരം വർഷം തിരിച്ച് വെളിപ്പെടുത്തുമോ ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | നികുതി പിരിവിലെ ഉദാസീനതമൂലം ഗ്രാമ പഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന തനതു വരുമാന ചോർച്ച തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും ; | (സി) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നികുതി പിരിവിന് ചുമതലപ്പെടുത്തിയ ജീവനക്കാർക്ക് ടാർജറ്റ് ഫിക്സ് ചെയ്ത് കൊടുക്കുകയും നികുതി പിരിവ് അവലോകനം നടത്തുകയും ചെയ്യുന്നു. പ്രസ്തുത നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി ജില്ലാ പെർഫോമൻസ് ആഡിറ്റ് ആഫീസറായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പ്രതിമാസ അവലോകന യോഗങ്ങളിൽ നികുതി പിരിവ് പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ വിളിച്ച് ചേർക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടേയും അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർമാരുടേയും പ്രതിമാസ കോൺഫറൻസുകളിൽ ഒരു പ്രത്യേക അജണ്ടയായി നികുതി പിരിവ് പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു.<br><br>നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് വികസന ഫണ്ടിന്റെ 10% ഇൻസെന്റീവായി നൽകാവുന്നതാണെന്ന് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

(....2)

| | | | |
|---|---|---|---|
| (ഡി) | നികുതി പിരിവ് കാര്യക്ഷമമാക്കാത്ത പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതത്തിൽ ആനുപാതിക കുറവ് വരുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കൊല്ലം ജില്ല : 2006–07 മുതൽ 2010–11 വരെ 100% നികുതി പിരിവ് കൈവരിച്ച ഗ്രാമപഞ്ചായത്തുകളുടെ പട്ടിക**

| ക്രമ നം | 2006 – 07 | 2007 – 08 | 2008 – 09 | 2009 – 2010 | 2010 – 11 |
|---|---|---|---|---|---|
| 1 | ക്ലാപ്പന | ക്ലാപ്പന | ക്ലാപ്പന | ക്ലാപ്പന | ആലപ്പാട് |
| 2 | കുലശേഖരപുരം | കുലശേഖരപുരം | കുലശേഖരപുരം | കുലശേഖരപുരം | ക്ലാപ്പന |
| 3 | മൈനാഗപ്പള്ളി | കുന്നത്തൂർ | കുന്നത്തൂർ | കുന്നത്തൂർ | കുലശേഖരപുരം |
| 4 | ഓച്ചിറ | മൈനാഗപ്പള്ളി | മൈനാഗപ്പള്ളി | മൈനാഗപ്പള്ളി | കുന്നത്തൂർ |
| 5 | പോരുവഴി | ഓച്ചിറ | ഓച്ചിറ | ഓച്ചിറ | മൈനാഗപ്പള്ളി |
| 6 | ശാസ്താംകോട്ട | പോരുവഴി | പോരുവഴി | പോരുവഴി | ഓച്ചിറ |
| 7 | ശൂരനാട് നോർത്ത് | ശാസ്താംകോട്ട | ശാസ്താംകോട്ട | ശാസ്താംകോട്ട | പോരുവഴി |
| 8 | ശൂരനാട് സൗത്ത് | ശൂരനാട് നോർത്ത് | ശൂരനാട് നോർത്ത് | തഴവ | ശാസ്താംകോട്ട |
| 9 | തഴവ | ശൂരനാട് സൗത്ത് | ശൂരനാട് സൗത്ത് | പടിഞ്ഞാറേ കല്ലട | ശൂരനാട് നോർത്ത് |
| 10 | നീണ്ടകര | തഴവ | തഴവ | നീണ്ടകര | ശൂരനാട് സൗത്ത് |
| 11 | ചവറ | പടിഞ്ഞാറെ കല്ലട | തൊടിയൂർ | ചവറ | തഴവ |
| 12 | തേവലക്കര | നീണ്ടകര | പടിഞ്ഞാറെ കല്ലട | തേവലക്കര | പടിഞ്ഞാറേ കല്ലട |
| 13 | പനയം | ചവറ | നീണ്ടകര | പനയം | നീണ്ടകര |
| 14 | തൃക്കരുവ | തേവലക്കര | ചവറ | തൃക്കരുവ | ചവറ |
| 15 | തെക്കുംഭാഗം | പനയം | തേവലക്കര | തെക്കുംഭാഗം | പനയം |
| 16 | മേലില | തൃക്കരുവ | പനയം | നെടുമ്പന | തൃക്കരുവ |
| 17 | പട്ടാഴി വടക്കേക്കര | തെക്കുംഭാഗം | തൃക്കരുവ | പൂതക്കുളം | തെക്കുംഭാഗം |
| 18 | നെടുമ്പന | പട്ടാഴി വടക്കേക്കര | തെക്കുംഭാഗം | വെളിനല്ലൂർ | പട്ടാഴി വടക്കേക്കര |
| 19 | പൂതക്കുളം | നെടുമ്പന | നെടുമ്പന | കരവാളൂർ | നെടുമ്പന |
| 20 | വെളിനല്ലൂർ | പൂതക്കുളം | പൂതക്കുളം | | പൂതക്കുളം |
| 21 | കരവാളൂർ | വെളിനല്ലൂരി | ആര്യങ്കാവ് | | വെളിനല്ലൂർ |
| 22 | | പത്തനാപുരം | പത്തനാപുരം | | ആര്യങ്കാവ് |
| 23 | | കരവാളൂർ | കരവാളൂർ | | പത്തനാപുരം |
| 24 | | | | | കരവാളൂർ |
| 25 | | | | | ഇളമാട് |